(ബി) പ്രസ്തുത കോടതി വിധി നിലവിലിരിക്കവേ ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിൽ ജനറൽ മാനേജരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ടോ;

(സി) എന്തടിസ്ഥാനത്തിലാണ് ഇത്തരം നിയമനം നടത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) നിയമിക്കരുത് എന്ന്, കോടതിവിധി ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

92 [2744] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടന്നത് ഏത് കാലയളവ് മുതലാണ്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റി രൂപീകരിക്കുകയുണ്ടായോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ എത്ര യോഗങ്ങൾ ചേരുകയുണ്ടായി;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കുകയുണ്ടായിട്ടുണ്ടോ;

(ഇ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ മേഖലയിൽ അംഗീകാരമുള്ള എത്ര സംഘടനകളാണുള്ളത്;

(എഫ്) പ്രസ്തുത കമ്മിറ്റിയിൽ ജീവനക്കാരുടെ സംഘടനകളുടെ പ്രതിനിധിയായി എത്ര പേരാണുള്ളത്?

ഉത്തരം

(എ) 1-7-1997 മുതൽ.

(ബി) രൂപീകരിച്ചിട്ടുണ്ട്.

(സി) ഒന്ന്.

(ഡി) ഇല്ല.

(ഇ) മൂന്ന്.

(എഫ്) മൂന്ന്.

LIBRARY ARCHIVES Kerala Legislative Assembly